ശ്രീ. സി. കേശവൻ: അറിയാൻ പാടില്ല.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ഒരു ഉദ്യോഗത്തിനു് തിരുവിതാംകൂറിലേയും കൊച്ചിയിലേയും അപേക്ഷകന്മാർ ഉണ്ടെന്നുവരികിൽ ഇപ്പോഠം അവർക്കു് വളരെ പ്രയാസത്തിനു് ഇടയാവുകയില്ലേ?

ശ്രീ. സി. കേശവൻ: അതാണു് ഞാൻ പറഞ്ഞതു് രണ്ടു് വ്യക്തികളും കൂടി ഏകോപിച്ചുനോക്കിട്ടു് നിയമനം നടത്തുമെന്നു്.

Sri. Eapen Arackal: I want to know whether the Public Service Commission is now functioning in compliance with the rules prescribed in Travancore and Cochin or is it only by a reference?

Mr. Speaker: In making appointments the Public Service Commission takes into consideration the Travancore rules and the Cochin rules. It is clear from the answers given that the details regarding the working of the system cannot be given without a further reference to the Commission. No useful purpose will be served by pursuing the matter further.

ശബരിമല സംഭവം

*൭൫൩. (൨൨) സാഹിബു് ബഹദൂർ എ. മഹമ്മദു് മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫു് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമല ക്ഷേത്രത്തിലെ അഗ്നിബാധയെ സംബന്ധിച്ചു് അന്വേഷണം നടത്താൻ നിയോഗിച്ചിരുന്ന മി. കേശവമേനോൻ ഗവൺമെണ്ടിലേക്കു് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു പ്രസിദ്ധപ്പെടുത്തുമോ?

ചീഫു് മിനിസ്റ്റർ (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) അന്വേഷണം അവസാനിച്ചിട്ടില്ലാത്തതിനാൽ പ്രസിദ്ധപ്പെടുത്തുവാൻ നിവൃത്തിയില്ല.

സാഹിബു് ബഹദൂർ എ. മഹമ്മദു് മുസ്തഫാ: മി. കേശവമേനോൻ അന്വേഷണം കഴിഞ്ഞു സ്ഥലം വിട്ടിരിക്കുന്ന സ്ഥിതിക്കു് അദ്ദേഹത്തിന്റെ അന്വേഷണം പൂർത്തിയായിട്ടില്ലെന്നു പറയുന്നതെന്തുകൊണ്ടാണു്?

ശ്രീ. സി. കേശവൻ: കേസ്സിന്റെ അന്വേഷണക്കാര്യമാണു് അവസാനിച്ചിട്ടില്ല എന്നു പറഞ്ഞതു്.

Sri. P. Balakrishnan Tampi: Are the Government aware that that officer goes round in Madras and gives the idea that the Government are not taking the proper steps to prosecute the case ?

Sri. C. Kesavan: If he does so, it will be against truth.

ശ്രീ. എം. ഐ. പാപ്പു: ശബരിമല ക്ഷേത്ര ദഹനത്തെ സംബന്ധിച്ചുള്ള വിവരങ്ങളും ഈ സഭയിലെ ഒരു ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. മന്നത്തു പദ്മനാഭൻ സംസ്ഥാനത്തു പല യോഗങ്ങളിലും പ്രസ്താവിച്ചുവരുന്നതിനെപ്പറ്റി നടപടി നടത്തേണ്ടതാവശ്യമല്ലേ? അതിനു ഗവൺമെണ്ടിനു ഭയവുണ്ടാകുമോ?

Mr. Speaker: That is a matter that relates to a separate question.

ശ്രീ. ഇട്ടിരാ അമ്പൂക്കൻ: ഈ ശബരിമല തീവെയ്പ്പു നടത്തിയതു് ചില പ്രത്യേക സമുദായക്കാരുടെ കാൺഗ്രസിനെയുടെ ഫലമായിട്ടാണെന്നു് മി. കേശവമേനോന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

മി. സ്പീക്കർ: ആ റിപ്പോർട്ടിലെ കണ്ടൻസിനെപ്പറ്റി ചോദ്യം ചോദിക്കാൻ അനുവദിക്കുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടീരാ അന്പൂക്കൻ: ഈ ശബരിമല തീവയ്പു നടത്തിയ ആളുകളെ പുറത്തു വരുന്നതുകൊണ്ട് ഈ രാജ്യത്തെ ഹിന്തുക്കളും ക്രസ്ത്യാനികളും തമ്മിൽ ഉള്ള സൗഹാർദ്ദമനഃസ്ഥിതിക്കു് കുറവുണ്ടായിട്ടുണ്ടെന്നറിയാമോ?

Mr. Speaker: It is a matter of opinion and inference.

ശ്രീ. എം. ഐ. പോൾ: ഈ ഒരു മാസത്തിനുള്ളിൽ ശ്രീ. മന്നത്തു പത്മനാഭൻ നായരമ്പലത്തുവച്ചു നടത്തിയ ഒരു പ്രസംഗത്തിൽ ഈ ശബരിമല അമ്പലം നശിപ്പിച്ചതു് ക്രസ്ത്യാനികളാണെന്നു പ്രസ്താവിക്കുകയുണ്ടായി. അതു് വർഗ്ഗീയവിദ്വേഷത്തിനിടകൊടുക്കുകയില്ലേ? അതിനു വേണ്ട നടപടി ഗവണ്മെണ്ടു് എടുക്കുമോ?

Mr. Speaker: That is a suggestion for action.

ശ്രീ. എം. ഐ. പോൾ: ഒരു പോയിൻറ് ഓഫ് ഓർഡർ. ഞങ്ങൾ എതെങ്കിലും വിവരം അറിയുന്നതിനായി ചോദ്യങ്ങൾ ചോദിച്ചാൽ ബഹുമാനപ്പെട്ട സ്പീക്കർ മാറർ ഓഫ് ഒപ്പിനിയൻ, സജ്ജഷൻ ഫോർ ആക്ഷൻ, മാറർ ഓഫ് ഇൻഫർൻസ്, മാറർ ഓഫ് പബ്ലിക്ക് പോളിസി, ഫൈപ്പാത്തറിക്കൽ കൊസ്റ്റ്യൻ, മാറർ ഓഫ് ഡിസ്കഷൻ, മാറർ ഓഫ് ആർഗ്യുമെൻറ് ഇങ്ങനെ ഓരോന്നു പറഞ്ഞു ചോദ്യം അനുവദിക്കാതിരുന്നാൽ പിന്നെ എങ്ങിനെയാണ് ഞങ്ങൾ ഈ വിവരങ്ങൾ മനസ്സിലാക്കുന്നതു്? ഇതു വളരെ സങ്കടകരമല്ലേ സർ!

മിസ്റ്റർ സ്പീക്കർ: ഈ കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട മെമ്പർ വളരെ വ്യക്തമായി ഓർമ്മിക്കുന്നു എന്നു കാണുന്നതിൽ സന്തോഷിക്കുന്നു. ഈ പറഞ്ഞ വിധത്തിലുള്ള ചോദ്യങ്ങളൊന്നും ചോദിക്കാൻ പാടില്ലാത്തവയാണു്. ഇപ്പോൾ ചോദിച്ചു "വർഗ്ഗീയവിദ്വേഷം വളർത്തുന്നതിനു ഇടയാക്കുമെന്നുള്ളതുകൊണ്ടു് അതിനു് ഗവണ്മെണ്ടു് നടപടി നടത്തുമോ" എന്നുള്ള ചോദ്യം ഗവണ്മെണ്ടു് മേലാൽ ആ വിധത്തിൽ ഒരു നടപടി സ്വീകരിക്കണമെന്നുള്ള ഒരു നിർദ്ദേശം അടങ്ങിയതാണു്. അതുകൊണ്ടു് ആ ചോദ്യം അനുവദിക്കത്തക്കതല്ല. ഇപ്പോൾ അനുവദിക്കുന്നില്ലെന്നു മാത്രമല്ല, മേലാലും ഈ ഇനങ്ങളിൽപ്പെടുന്ന യാതൊരു ചോദ്യവും അനുവദിക്കുന്നതല്ല. അത്തരം നിർദ്ദേശങ്ങൾ നൽകുന്നതിനു് മെമ്പറന്മാർക്കു് വേറെ സന്ദർഭം ലഭിക്കുന്നതാണു്. ഈ അവസരത്തിൽ ഗവണ്മെണ്ടിൽനിന്നും ഏതെങ്കിലും വിവരം അറിയണമെന്നുണ്ടെങ്കിൽ അതു ചോദിക്കുകയും വിവരം മനസ്സിലാക്കുകയും ചെയ്യാവുന്നതാണു്. ഇതു മനസ്സിലാക്കി ബഹുമാനപ്പെട്ട എല്ലാ മെമ്പറന്മാരും അവരവരുടെ ചോദ്യങ്ങൾ ക്രമപ്പെടുത്തിയാൽ സ്പീക്കർക്കു് എപ്പോഴും ഇടപെട്ടു തടയേണ്ട ആവശ്യം ഉണ്ടാകുകയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: മൻ ചീഫ് മിനിസ്റ്റർ—

Sri. M. I. Paul: I am still on my point of order.

Mr. Speaker: A ruling has been given on the point of order raised. No further discussion on the matter can be allowed.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ശബരിമലക്ഷേത്രം നശിപ്പിച്ചതിന്റെ കാരണക്കാർ അഹിന്തുക്കളായിരിക്കാനാണിടയുള്ളതെന്നു് മി. കേശവമേനോന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതായി മൻ ചീഫ് മിനിസ്റ്റർ ദേവസ്വം ബോർഡ് പ്രസിഡണ്ടു് ശ്രീ. ഉണ്ണിത്താനോടു പറഞ്ഞതായി പത്രങ്ങളിൽ കണ്ടതു് ശരിയാണോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: The question is Vague. The identity of the newspapers, the date of publication of the alleged report and other necessary details are not given. Further, information asked for is whether that report is correct. The question is disallowed.

Sri. K. R. Elenkath. My question is whether the Chief Minister made a statement to the President of the Devaswom Board. That is a question of fact.

Mr. Speaker: Correctness of that report cannot be made the subject matter of a question.

ശ്രീ. എ. കെ. പാച്ചുപിള്ള: ശബരിമലസംഭവം ഇന്നവിധത്തിൽ ഉണ്ടായതാണ് എന്നതിനെപ്പറ്റി മുൻ ചീഫ് മിനിസ്റ്റർ റാന്നിയിൽവച്ച് ഈയിടെ ഒരു പ്രസംഗം ചെയ്തതായി ഇപ്പോഴത്തെ ചീഫ് മിനിസ്റ്ററുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. ഇട്ടീര അമ്മുക്കൻ: ശബരിമല സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റവാളികളെ കണ്ടുപിടിച്ച് ശിക്ഷിക്കാത്തതിൽ ഈ രാജ്യത്തു സൈരജീവിതം നയിക്കണമെന്നു ആഗ്രഹിക്കുന്ന ക്രസ്ത്യാനികൾക്ക് വളരെ ഉൽക്കണ്ഠയുണ്ടെന്നു അറിയാമോ?

Mr. Speaker: The member is supplying information.

ശ്രീ. ഇട്ടീര അമ്മുക്കൻ: ഈ പരിതസ്ഥിതികളിൽ മി. കേശവമേനോന്റെ റിട്ടയർ പരസ്യപ്പെടുത്തുന്നതായിരിക്കും നല്ലത് എന്നു് ഗവണ്മെണ്ടിനു് തോന്നുന്നുണ്ടോ?

Mr. Speaker: That is a matter of opinion.

സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞ്: ശബരിമല കേസുസംബന്ധിച്ചു വിവരങ്ങൾ പ്രസിദ്ധപ്പെടുത്താതിരിക്കുന്നതു് ആ സംഭവം കമ്മ്യണിസ്റ്റുകാർ ചെയ്തതാണെന്നു വരുത്തിക്കൂട്ടുവാൻ ഗവണ്മെണ്ടു ചെയ്യുന്ന ശ്രമത്തിന്റെ ഫലമാണെന്നു ജനങ്ങൾ ധരിക്കുന്നതു് ശരിയാണോ?

Mr. Speaker: That is a matter of inference.

ലോക്കപ്പുകളിൽ മരണം

* ൭൫൨ (൨൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ൧൯൫൯ നവമ്പർ ൧൩-ാം തീയതിക്കുശേഷം തിരുവിതാംകൂർ-കൊച്ചി ലാക്കപ്പുകളിൽ കിടന്നു് എത്ര പേർ മരിച്ചിട്ടുണ്ടു്;

(ബി) അവരിൽ എത്ര പേർ ലാക്കപ്പു മർദ്ദനംമൂലം മരിച്ചതായി പൊതുജനങ്ങളുടെ ഇടയിൽനിന്നു പരാതി കിട്ടിയിട്ടുണ്ടു്;

(സി) ലാക്കപ്പു മർദ്ദനം കുറയ്ക്കണമെന്നു് ഗവണ്മെണ്ടു് ആഗ്രഹിക്കുന്നുണ്ടോ;

(ഡി) അതിലേയ്ക്കു് വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടോ;

(ഇ) ലാക്കപ്പു മർദ്ദനം കുറയ്ക്കണമെന്നു കാണിച്ചു് ചീഫ് മിനിസ്റ്റരോ ഐ. ജിയോ വല്ല സർക്കുലറും അയച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ൪.

(ബി) ൨.

LIBRARY ARCHIVES Kerala Legislative Assembly